# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 05.03.2018-ൽ മറുപടിക്ക്

ചോദ്യം നം. 1199

**ഫിഷിംഗ് ബോട്ട് കടലിലിറക്കുവാൻ സഹായം**

ചോദ്യം ഉത്തരം

| | ശ്രീ.വി.എസ്.ശിവകുമാർ<br>" കെ.എസ്.ശബരീനാഥൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഓഖി ചുഴലിക്കാറ്റിൽ ഗതിവിട്ട് സഞ്ചരിച്ച് കഴക്കൂട്ടം സെന്റാൻഡ്രൂസ് പള്ളിക്ക് സമീപം കരയിൽ ഇടിച്ചുകയറി മണലിൽ താഴ്ന്ന് നിൽക്കുന്ന ക്രൈസ്റ്റ് എന്ന ഫിഷിംഗ് ബോട്ട് കടലിലിറക്കുവാൻ എന്ത് സഹായമാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) യും (ബി) | മണലിൽ പുതഞ്ഞ് പോയ ക്രൈസ്റ്റ് എന്ന ഫിഷിംഗ് ബോട്ട് ഉയർത്തിയെടുക്കുന്നതിനുള്ള സംവിധാനമോ, സാങ്കേതിക വിദ്യയോ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ലാ ടി ബോട്ട് കടലിലിറക്കുവാൻ നാവിക സേനയുടെ സഹായം സർക്കാർ തലത്തിൽ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുകയില്ലെന്നും 100 ടൺ കപ്പാസിറ്റിയുള്ള ടഗ്ഗ് നേവിയുടെ പക്കലില്ലെന്നും അറിയിച്ചിരുന്നു. ബോട്ട് കടലിൽ ഇറക്കുവാൻ ഓഖി ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ബോട്ട് കടലിൽ ഇറക്കുവാൻ ഓഖി ഫണ്ടിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത ബോട്ട് കടലിലിറക്കുവാൻ തുറമുഖ വകുപ്പ് മുപ്പത് ലക്ഷത്തോളം രൂപ ആവശ്യപ്പെട്ടതായി അറിയാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഫിഷറീസ് വകുപ്പ് വാഗ്ദാനം നൽകിയ പന്ത്രണ്ട് ലക്ഷം രൂപ അനുവദിച്ചാൽ തൂത്തുക്കുടിയിൽ നിന്നും വിദഗ്ധരെ വരുത്തി ബലൂൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് ബോട്ടിന് കേടുപാടുകൂടാതെ കടലിറക്കാൻ സാധിക്കുമെന്നിരിക്കെ ഏകദേശം മൂന്ന് മാസമായിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുക്കാത്തത് എന്താണെന്ന് വിശദമാക്കാമോ; | (ഡി) | ഫിഷറീസ് വകുപ്പ് അങ്ങനെ യാതൊരു വാഗ്ദാനവും നൽകിയിട്ടില്ല. |
| (ഇ) | രണ്ട് വകുപ്പുകൾ തമ്മിലുള്ള തർക്കത്തിനിടയിൽപെട്ട്, ബോട്ട് വാങ്ങുന്നതിനായി എടുത്ത കടവും പലിശയും ഒന്നും അടയ്ക്കുവാൻ കഴിയാതെ നട്ടം തിരിയുന്ന ബോട്ടുടമകളെ സഹായിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഓഖി ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ